ARTICLE IN "SNEHITHAN" DATED 8TH KANNI 1123

58. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടിപറയുമൊ.—

1122 കന്നി വ്യാഴം-യിലെ "സ്നേഹിതൻ" പത്രത്തിൽ "റവന്യൂ മന്ത്രിക്കു" എന്തു പറ്റി" എന്നുള്ള മുഖവുരയോടുകൂടിയുള്ള പ്രസ്താവനകൾ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

ഉവ്വ്.

GENERAL ELECTION—STEPS TAKEN

59. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) അടുത്ത പൊതുതിരഞ്ഞെടുപ്പിനുള്ള എന്തെല്ലാം നടപടികളാണു് ഇതുവരെ എടുത്തുകഴിഞ്ഞിരിക്കുന്നതു്;

(ബി) വോട്ടർമാരുടെ പട്ടിക തയ്യാറാക്കുന്ന പണി എന്നാണു് ആരംഭിക്കുക; എത്ര നാൾകൊണ്ടു് അവസാനിക്കും;

(സി) എന്നാണു് പട്ടിക അച്ചടിക്കുന്നതിനായി ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നതു്; എത്രനാൾകൊണ്ടു് അച്ചടി തീരുമെന്നാണു് പ്രതീക്ഷ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) വീടുകൾക്കു നമ്പർ കൊടുത്തു. ഇപ്പോൾ വോട്ടർമാരുടെ പേരു് എടുത്തുവരികയാണു്. നിയോജകമണ്ഡലങ്ങളെ തിട്ടപ്പെടുത്തിയതിനുശേഷം പട്ടിക തയ്യാറാക്കുന്നതിനും പിന്നീടു പട്ടിക അച്ചടിപ്പിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ മുൻകൂട്ടി ചെയ്യാവുന്നിടത്തോളം ഇപ്പോൾതന്നെ ചെയ്തുവരുന്നുണ്ടു്.

(ബി) പട്ടിക തയ്യാറാക്കുന്ന ജോലി എന്നാണു് ആരംഭിക്കുക എന്നു കൃത്യമായി പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. എന്തെന്നാൽ നിയോജകമണ്ഡലങ്ങളെ തിട്ടപ്പെടുത്തിയതിനുശേഷമെ ഈ പ്രവൃത്തി ആരംഭിക്കുവാൻ നിവൃത്തിയുള്ളു. ആരംഭിച്ചാൽ സുമാർ രണ്ടു മാസത്തിൽ കവിയാത്തകാലം കൊണ്ടു് ഈപണി അവസാനാപ്പിക്കാം എന്നാണു് ഉദ്ദേശിക്കുന്നതു്.

(സി) മേൽ പറഞ്ഞ കാരണങ്ങളാൽ ഇതിനും കൃത്യമായ മറുപടി പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. അച്ചടി ഒരു മാസംകൊണ്ടു് അവസാനിപ്പിക്കുവാൻ കഴിയുന്നതും ശ്രമിച്ചുവരുന്നുണ്ടു്. അതിൽ കൂടുതൽ ഏതുവിധവും സാദ്ധ്യമാകുന്നതല്ല. വേണ്ടുന്നിടത്തോളം പ്രസ്സുകൾ കിട്ടാഞ്ഞാൽ കാലം അനുസരിച്ചു സപ്ലിമെന്ററി ദീർഘിപ്പിക്കേണ്ടതായും വരും.

60. Mr. P. Kumaran Ezhuthassan (*Vadakkancheri*): Will Government be pleased to state.—

(*a*) will the general elections be conducted in Edavan 1123 or earlier;
(*b*) has the enumeration of voters been started and when;
(*c*) has the delimitation of constituencies and reserved been taken up;
(*d*) who are the members of the Delimitation Committee?

Mr. P. Govinda Menon (*Prime Minister*):

(*a*) That is Government's desire.

(*b*) Yes, from 17th September 1947 (1st Kanni 1123) when the first batch of sanads and other connected papers were distributed to the enumerators at Ernakulam.

(*c*) & (*d*) The appointment of the Committee will be announced in a day—at any rate before the end of this week.

61. Mr P. Kumaran Ezhuthassan (*Vadakkancheri*): Will Government be pleased to state.—

(*a*) when did the Franchise Committee submit its report;
(*b*) have orders been passed on the various proposals of the Committee?

Mr. P. Govinda Menon (*Prime Minister*):

(*a*) On 12th October 1946.

(*b*) Orders have been passed on some of their proposals. Orders on the others will be passed in the course of a few days—most probably before the end of this week.

LIBRARY ARCHIVES Kerala Legislative Assembly